LIBRARY ARCHIVES Kerala Legislative Assembly

കായംകുളം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

281 (1315) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ മുനിസിപ്പൽ ജംഗ്ഷൻ മുതൽ കെ. പി. റോഡ് ഓവർബ്രിഡ്ജ്വരെ പൂട്പാത്ത്, ഡ്രെയിനേജ് എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരുംതന്നെ ടി പ്രവൃത്തി ഏറ്റെടുക്കാൻ ഇല്ലാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിച്ചു. ലഭ്യമായ ക്വട്ടേഷൻ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്.

കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് അനുവദിച്ച ഇക

282 (1316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം എത്ര റോഡുകൾ അനുവദിച്ചുവെന്ന് ജില്ലതിരിച്ചും മണ്ഡലംതിരിച്ചുമുള്ള വിവരങ്ങൾ നല്കുമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ എത്ര റോഡുകൾക്ക് എത്ര ഇക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; റോഡിന്റെ മറ്റ് വിവരങ്ങളും നൽകുമോ ;

(സി) കോങ്ങാട് മണ്ഡലത്തിലേക്കായി വർദ്ധിപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടുണ്ടോ : വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഏതു റോഡുകൾ അനുവദിച്ചുവെന്ന് ജില്ലതിരിച്ചും മണ്ഡലം തിരിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) കോങ്ങാട് മണ്ഡലത്തിൽ വർമാംകോട് - ഇരുമ്പകച്ചോല റോഡ് കി.മീ. 0/000-3/800 വരെ അഭിവൃദ്ധിപ്പെടുത്തലിന് 140 ലക്ഷം രൂപയും ചാലക്കയം - കണ്ടൻപൊട്ടി വട്ടപ്പാറ ശിരുവാണി റോഡ് കി.മീ. 0/000-8/900 വരെ അഭിവൃദ്ധിപ്പെടുത്തലിന് 365 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ

283 (1317) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാംമെന്നും ഓരോന്നിനും എത്രയുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 2011-12, 2012- 13, 2013-14, 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാം എന്നും ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നുമുള്ള വിവരങ്ങൾ ദേശീയപാത വിഭാഗം, കെട്ടിട വിഭാഗം നിരത്തുവിഭാഗം എന്നിങ്ങനെ തിരിച്ച് യഥാക്രമം അനുബന്ധം 1-ഉം 2-ഉം 3-ഉം ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly